കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് -കടപ്പുറം ഗ്രാമപഞ്ചായത്ത്-അംഗൻവാടികൾ നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ (സാധാ)നം: 1009/2012/തസ്വഭവ തിരുവനന്തപുരം, തീയതി: 31/3/2012

---

പരാമർശം:- 1. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 18/3/05-ലെ ICDSC3/25194/04 നമ്പർ നടപടി ക്രമം.

2. കടപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 5/3/12-ലെ കത്ത്.

3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 20/3/12-ലെ 3.52 നമ്പർ തീരുമാനം.

**ഉത്തരവ്**

സംസ്ഥാനത്ത് ഒട്ടാകെ 1472 അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയതിൽ കടപ്പുറം ഗ്രാമപഞ്ചായത്തിന് 5 അംഗൻവാടി കെട്ടിടങ്ങൾ അനുവദിച്ചിട്ടുണ്ടായിരുന്നു. ഫണ്ട് ലഭിക്കുന്നതിൽ ഉണ്ടായ കാലതാമസം കാരണം കെട്ടിടം പണി പൂർത്തീകരിക്കാൻ സാധിച്ചില്ല എന്നും പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 22,95,000/- രൂപ വേണ്ടി വരുന്ന ടി പദ്ധതിയ്ക്ക് 11,25,000/- രൂപ മാത്രമാണ് തനതു ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതെന്നും ബാക്കി വരുന്ന 11,70,000/- രൂപ ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിക്കാൻ അനുവദിക്കണമെന്നും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം (2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല സമിതിയുടെ പരാമർശം (3) തീരുമാന പ്രകാരം പ്രസ്തുത ആവശ്യം അംഗീകരിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ അഞ്ച് അംഗൻവാടികൾ നിർമ്മിക്കുന്ന പദ്ധതിയ്ക്കായി വേണ്ടി വരുന്ന ബാക്കി തുകയായ 11,70,000/- (പതിനൊന്ന് ലക്ഷത്തി എഴുപതിനായിരം) രൂപ പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച് നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**വി.ശോഭ**

ഗവ.അഡീഷണൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, കടപ്പുറം ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ) തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, (LBA&A), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.